**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃക്കാക്കര നഗരസഭ - ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരായ ബിൽ കളക്ടർമാരുടെ സേവനകാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.3224/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 25.11. 2016.

പരാമർശം : 1. 09.02.2016 ലെ സ.ഉ.(സാധാ) നം.518/2016/തസ്വഭവ.

2. 09.09.2016 ലെ സ.ഉ.(സാധാ) നം.2663/2016/തസ്വഭവ.

3. തൃക്കാക്കര നഗരസഭ കൗൺസിലിന്റെ 30.09.2016 തീയതിയിലെ തീരുമാനം നമ്പർ 2

4. തൃക്കാക്കര നഗരസഭ സെക്രട്ടറി സമർപ്പിച്ച 06/10/2016 ലെ ജിഇ 1-22675/14 നമ്പർ കത്ത്.

## ഉത്തരവ്

തൃക്കാക്കര നഗരസഭയിൽ പരാമർശം ഒന്ന് പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ 3 മാസത്തേക്ക് നിയമിതരായ 15 ബിൽ കളക്ടർമാരുടെ സേവനകാലാവധി 31.05.2016 ൽ അവസാനിച്ച സാഹചര്യത്തിൽ ടി നഗരസഭയിലെ തൊഴിൽ നികുതി പിരിവിന് ബിൽ കളക്ടർമാരുടെ സേവനം ആവശ്യമായതിനാൽ ടി ജീവനക്കാരുടെ സേവനകാലാവധി പരാമർശം രണ്ട് ഉത്തരവ് പ്രകാരം 01.06.2016 മുതൽ 30.08.2016 വരെ 3 മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ ഇപ്രകാരം ഉത്തരവായത് 09.09.2016 ൽ ആയതിനാൽ ബിൽ കളക്ടർമാരെ ജോലിയിൽ പ്രവേശിപ്പിച്ചിരുന്നില്ല എന്നും ടി ജീവനക്കാരുടെ സേവനകാലാവധി 01.10.2016 മുതൽ 6 മാസക്കാലയളവിലേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവുണ്ടാകണമെന്നും പരാമർശ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 4 പ്രകാരം തൃക്കാക്കര നഗരസഭ സെക്രട്ടറി അഭ്യർത്ഥിച്ചിരിയ്ക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃക്കാക്കര നഗരസഭ കൗൺസിലിന്റെ തീരുമാനം പരിഗണനാർഹമാമെന്ന് സർക്കാർ കാണുന്നു. ഈ സാഹചര്യത്തിൽ താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്കും ഇതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതുഫണ്ടിൽ നിന്നും

വഹിക്കണമെന്ന വ്യവസ്ഥയിലും ടി നഗരസഭയുടെ റവന്യൂ, തൊഴിൽ നികുതിപിരിവിനായി 09.02.2016 സർക്കാർ ഉത്തരവുപ്രകാരം നിയമിതരായ 15 ബിൽ കളക്ടർമാരുടെ സേവനകാലാവധി 01.10.2016 മുതൽ 179 ദിവസത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**അബ്ദുൽ കലാം എം**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

സെക്രട്ടറി/ചെയർമാൻ, തൃക്കാക്കര നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ